ഉള്ള ഒരു റൂട്ടിൽ സർവ്വീസിന് 25 കൺസഷൻ ടിക്കറ്റ് എന്ന കണക്കിൽ കൺസഷൻ ടിക്കറ്റുകളുടെ എണ്ണം നിയന്ത്രിച്ചിട്ടുണ്ട്.

(ഡി) ആലുവാ-വെളിയത്തുനാട് റൂട്ടിൽ നിലവിൽ 25 കൺസഷനിൽ കൂടുതൽ നൽകി വരുന്നുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്.

(ജി) ഇപ്പോൾ ആവശ്യാനുസരണം കൺസഷൻ നൽകി വരുന്നു.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

60 (352) സൗജന്യ നിരക്കുമൂലം കെ.എസ്.ആർ.ടി.സി. ക്കുണ്ടാകുന്ന നഷ്ടം

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗങ്ങൾക്കായി സൗജന്യ യാത്രയും യാത്രക്കൂലി നിരക്കിൽ ഇളവും അനുവദിക്കുന്നതുവഴി പ്രതിവർഷം കെ.എസ്.ആർ.ടി.സി.ക്ക് എന്തു തുക നഷ്ടം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത തുക ഗവൺമെന്റിൽനിന്നും അനുവദിച്ചു കിട്ടുന്നതിലേക്കായി കോർപ്പറേഷൻ ഇതിനകം എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ ഇതിലേക്കാവശ്യമായ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈയിനത്തിൽ മാത്രം പ്രതിവർഷം 29 കോടി 90 ലക്ഷം രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. കൂടാതെ ലാഭകരമല്ലാത്ത സർവ്വീസുകൾ (ലാഭകരമല്ലാത്ത റൂട്ടിലും സമയത്തും) നടത്തുവാൻ നിർബന്ധിതമാകുന്നതുമൂലം പ്രതിവർഷം 63.15 കോടി രൂപയുടെ നഷ്ടവും ഉണ്ടാകുന്നുണ്ട്.

(ബി) പ്രസ്തുത തുക തിരികെ കിട്ടണമെന്ന് കോർപ്പറേഷൻ പല പ്പോഴായും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(സി) ഓരോ തരത്തിലുള്ള സൗജന്യവും അതുമായി ബന്ധപ്പെട്ട സർക്കാർ ഡിപ്പാർട്ടുമെന്റുകൾ നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി) സർക്കാരിന്റെ സാമൂഹ്യ പ്രതിബന്ധതയുടെ പേരിൽ കോർപ്പറേഷനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ സജീവമായി പരിഗണിച്ചു വരുന്നു.

61 (353) കെ.എസ്.ആർ.ടി.സി. ഫ്ളീറ്റ് സ്ട്രെംഗ്ത്

ശ്രീ. അടൂർ പ്രകാശ് :

LIBRARY ARCHIVES Kerala Legislative Assembly